(ബി) എങ്കിൽ പ്രസ്തുത സാഹചര്യത്തിൽ രോഗികളെ സഹായിക്കുന്നതിന് ആവശ്യമായ എന്തെങ്കിലും പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ;

(സി) ഇന്ത്യയിൽ ഏറ്റവും കൂടുതൽ പ്രമേഹ രോഗികളും പ്രതിവർഷം അരലക്ഷം ക്യാൻസർ രോഗികളുമുള്ള സംസ്ഥാനത്തിന് ഒരു പ്രത്യേക ആരോഗ്യ പാക്കേജ് പ്രഖ്യാപിക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. ഇക്കാര്യത്തിൽ മുഖ്യമന്ത്രിയും ആരോഗ്യ വകുപ്പുമന്ത്രിയും പ്രധാനമന്ത്രിയെ നേരിട്ട് കണ്ട് നിവേദനം നൽകിയിരുന്നു. മരുന്നു വില വർദ്ധിപ്പിക്കുന്ന തരത്തിലുള്ള യാതൊരു നടപടിയും സ്വീകരിക്കുന്നതല്ലെന്ന് പ്രധാന മന്ത്രി ഉറപ്പ് നൽകിയിരുന്നു.

(സി) ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൽ വീണ്ടും സമ്മർദ്ദം ചെലുത്തുന്നതാണ്.

ഫാർമസി നിയമങ്ങൾ ലംഘിച്ചതിന് രജിസ്റ്റർ ചെയ്ത കേസ്സുകൾ

131 (838) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫാർമസി ആക്ടിന്റെ സെക്ഷൻ 42 അനുസരിച്ച് എല്ലാ ഫാർമസികളിലും മെഡിക്കൽ സ്റ്റോറുകളിലും യോഗ്യതയുള്ള രജിസ്റ്റേർഡ് ഫാർമസിസ്റ്റുകൾ തന്നെ കൈകാര്യം ചെയ്യേണ്ടതാണെന്നു വ്യവസ്ഥയുണ്ടോ ; എങ്കിൽ ഈ വ്യവസ്ഥ പാലിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ ;

(ബി) തിരുവനന്തപുരം ജില്ലയിൽ 2013, 2014 എന്നീ വർഷങ്ങളിൽ ഫാർമസി നിയമങ്ങൾ ലംഘിച്ച എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(സി) ഫാർമസി നിയമങ്ങൾ ലംഘിക്കുന്നുണ്ടോ എന്ന പരിശോധന വർഷത്തിൽ എത്ര തവണ നടക്കുന്നുണ്ടെന്നു വ്യക്തമാക്കുമോ ;

(ഡി) ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മനുഷ്യാവകാശ കമ്മീഷന്റെ വിധിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഫാർമസി ആക്ട് സെക്ഷൻ 42 പ്രകാരം മരുന്നുകൾ കൈകാര്യം ചെയ്യുന്നതിനുള്ള അധികാരം രജിസ്റ്റേഡ് ഫാർമസിസ്റ്റുകൾക്ക് മാത്രം നിക്ഷിപ്തമാണ്. ഈ നിയമങ്ങൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് ഫാർമസി ഇൻസ്പെക്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തുകയും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു.

(ബി) ഫാർമസി നിയമങ്ങൾ ലംഘിച്ചുവെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ കേസ്സുകൾ ഒന്നും രജിസ്റ്റർ ചെയ്തിട്ടില്ല. നിയമലംഘനങ്ങൾ നടത്തിയ രജിസ്റ്റേഡ് ഫാർമസിസ്റ്റുകളെ സംസ്ഥാന ഫാർമസി കൗൺസിലിൽ വിളിച്ചുവരുത്തി താക്കീത് ചെയ്യുകയും പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഫാർമസിസ്റ്റുകൾ അല്ലാത്തവർ മരുന്ന് ഡിസ്പെൻസ് ചെയ്യുന്ന 50 പേർക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുവാൻ ഇൻസ്പെക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) നിലവിലുള്ള ഫാർമസി ഇൻസ്പെക്ടർമാർക്ക് മാസത്തിൽ 6 കാഷ്വൽ ലീവ്, ഡ്യൂട്ടി ലീവായി സർക്കാർ പരിഗണിച്ചിട്ടുണ്ട്. പ്രസ്തുത ദിവസങ്ങളിൽ 2013 വർഷത്തിൽ 346 ഇൻസ്പെക്ഷനും 2014 ഒക്ടോബർ വരെ 511 ഇൻസ്പെക്ഷനും നടത്തിയിട്ടുണ്ട്.

(ഡി) സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ വിധി പ്രസ്താവനയുടെ പകർപ്പുകൾ ഫാർമസി കൗൺസിൽ, സംസ്ഥാന ആരോഗ്യ വകുപ്പ് ഡയറക്ടർ, ഇൻഷ്വറൻസ് മെഡിക്കൽ ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, ഡ്രഗ്സ് കൺട്രോളർ തുടങ്ങിയവർക്ക് അയച്ചുകൊടുക്കുകയും ആശുപത്രികളിലും ക്ലിനിക്കുകളിലും ആവശ്യത്തിനുള്ള ഫാർമസിസ്റ്റുകളെ നിയമിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്നും മെഡിക്കൽ ഷോപ്പുകളുടെ പ്രവർത്തന സമയങ്ങളിൽ രജിസ്റ്റേഡ് ഫാർമസിസ്റ്റിന്റെ സേവനം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഫാർമസി നിയമലംഘനങ്ങൾക്കെതിരായി കേസുകൾ രജിസ്റ്റർ ചെയ്യുന്നതിന് നിലവിലുള്ള ഫാർമസി ഇൻസ്പെക്ടർമാർക്ക് നിർദ്ദേശങ്ങൾ നൽകിയതിന്റെ അടിസ്ഥാനത്തിൽ ടീം ഇൻസ്പെക്ഷൻ വിവിധ ജില്ലകളിലെ 183 സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും 26 സ്ഥാപനങ്ങളിൽ

നിയമലംഘനങ്ങൾ കണ്ടെത്തുകയും അവർക്കെതിരായി പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതിന് കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് ഫാർമസി കൗൺസിൽ റൂൾസ് 2012 ലംഘനം നടത്തിയ 11 പേരെ അടിയന്തരമായി കൗൺസിലിൽ വിളിച്ചുവരുത്തുകയും താക്കീത് നൽകുകയും മറ്റുള്ളവരോട് വിശദീകരണം തേടുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.

രോഗികളിലെ മരുന്നു പരീക്ഷണം

132 (839) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ രോഗികളിലെ മരുന്നു പരീക്ഷണം വ്യാപകമാകുന്നു എന്ന റിപ്പോർട്ടുകളെ തുടർന്ന് സുപ്രീം കോടതി നിർദ്ദേശ പ്രകാരം ഡോ. വി. എൻ. രാജശേഖരൻ പിള്ള അദ്ധ്യക്ഷനായ ഒരു അന്വേഷണ സമിതിയെ നിയോഗിച്ചിരുന്നോ ;

(ബി) എപ്പോഴാണ് പ്രസ്തുത സമിതിയെ നിയോഗിച്ചതെന്നും സമിതി എപ്പോഴാണ് റിപ്പോർട്ട് സമർപ്പിച്ചതെന്നും വ്യക്തമാക്കുമോ ;

(സി) സമിതിയുടെ റിപ്പോർട്ടിലെ ശിപാർശകൾ എന്തൊക്കെയായിരുന്നുവെന്നും ഇതനുസരിച്ച് എന്തൊക്കെ നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ; പ്രസ്തുത റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ഡി) മരുന്നു പരീക്ഷണത്തിന്റെ ഫലമായി രോഗികൾ മരണപ്പെട്ടതായി റിപ്പോർട്ടുണ്ടായിരുന്നോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഡോ. വി. എൻ. രാജശേഖരൻ പിള്ള അദ്ധ്യക്ഷനായ ഒരു അന്വേഷണ സമിതിയെ ക്ലിനിക്കൽ ട്രയൽ സംബന്ധിച്ച് പഠിക്കാൻ നിയോഗിച്ചിരുന്നു.

(ബി) 18-8-2012-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.) നമ്പർ 2751/2012/ ആകവ. പ്രകാരമാണ് സമിതിയെ നിയോഗിച്ചിട്ടുള്ളത്. സമിതി റിപ്പോർട്ട് സമർപ്പിച്ചത് 2013 മാർച്ച് മാസത്തിലാണ്.

LIBRARY ARCHIVES Kerala Legislative Assembly